കെ.എ ഫൈസൽ

# 'വികസനചൂഷകർ' തമസ്കരിച്ച സമ്പദ്ശാസ്ത്രജ്ഞൻ

**2005ൽ** *തൂലിക* ബുക്സ് (ദൽഹി) പുറത്തിറക്കിയ 'വികസന സമ്പദ്ശാസ്ത്രത്തിലെ അതികായന്മാർ' എന്ന പുസ്തകത്തിലെ അവസാന അധ്യായത്തിൽനിന്നാണ് സർ ഹാൻസ് സിംഗർ എന്ന സമ്പദ് ശാസ്ത്രജ്ഞനെ സംബന്ധിച്ച വിവരം ലഭിച്ചത്. ആദം സ്മിത്ത് മുതൽ ജോൺ മെയിനാഡ് കെയിൻസ് വരെയുള്ളവരുടെ പേരുകൾ സാമ്പത്തിക ശാസ്ത്ര പുസ്തകങ്ങളിൽ നിന്നും ക്ലാസ് മുറികളിൽ നിന്നും മനംമടുപ്പിക്കുംവിധം കേൾക്കേണ്ടിവരാറുണ്ട്. സമ്പദ്ശാസ്ത്രത്തിലെ പല 'മസ്അല'കളിലും വിദഗ്ധന്മാർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ, നമ്മുടെ കർമശാസ്ത്ര വിശാരദരെ തോൽപിക്കാൻ പോന്നതാണ്. 'എവിടെ ഏഴ് സാമ്പത്തികശാസ്ത്രജ്ഞർ ഒരുമിച്ചുകൂടിയോ അവിടെ എട്ടു അഭിപ്രായമുണ്ടാകു'മെന്ന ആപ്തവാക്യം അതാണ് സൂചിപ്പിക്കുന്നത്. പേര് കേൾക്കാതിരിക്കാൻ മാത്രം പുതുതലമുറയിൽപ്പെട്ട സമ്പദ് ശാസ്ത്രജ്ഞനായിരുന്നില്ല സിംഗർ. പ്രസിദ്ധ സമ്പദ്ശാസ്ത്രജ്ഞരായിരുന്ന കെയിൻസിന്റെയും ജോസഫ് ഷുംപീറ്ററുടെയും അരുമ ശിഷ്യനായിരുന്നു അദ്ദേഹം. കൂടാതെ കാൽനൂറ്റാണ്ടുകാലം ഐക്യരാഷ്ട്ര സഭയിൽ വിവിധ പദവികളലങ്കരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ 'മുതലാളിത്തത്തിന്റെ പിതാക്കന്മാരെ' ചോദ്യം ചെയ്തുകളഞ്ഞുവെന്നതാണ് അദ്ദേഹം ചെയ്ത കുറ്റം. മുതലാളിത്തത്തിന്റെ പിൻമുറക്കാരുടെ പല ആശയങ്ങൾക്കും അദ്ദേഹം പ്രായോഗിക ബദലുകൾ നിർദേശിക്കുകയും ചെയ്തിരുന്നു. ആഗോളവൽക്കരണത്തെയും പുതിയ ലോകക്രമത്തെയും എതിർക്കുന്ന അത്തരക്കാരെ എവിടെയിരുത്തണമെന്ന് മുഖ്യധാരക്ക് നന്നായറിയാം. പരിചയപ്പെടുത്തിയ പുസ്തകത്തിൽ തന്നെ 'വിഡ്ഢി വാചാലനാകുന്നു'വെന്ന മട്ടിലാണ് ആശയങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തെ കുറിച്ചുള്ള ലേഖനം ആരംഭിക്കുന്നത് തന്നെ 'ഹാൻസ് സിംഗർ ഒരേസമയം ഒരു സന്തോഷവും പ്രശ്നവുമാണ് 'എന്ന് പറഞ്ഞുകൊണ്ടാണ്.



*ഹാൻസ് സിംഗർ*

ഹാൻസ് സിംഗർ എഴുതിയ പുസ്തകങ്ങൾ തന്നെ അദ്ദേഹത്തിന്റെ പ്രശസ്തി വിളിച്ചോതുന്നതാണ്. ഒരു ഡസനിലധികം ബൃഹദ് ഗ്രന്ഥങ്ങളാണ് സമ്പദ്ശാസ്ത്രത്തിന് അദ്ദേഹം സമ്മാനിച്ചത്. രചനകളിലധികവും പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും പ്രശ്നങ്ങൾ

കൈകാര്യം ചെയ്യുന്നതും പ്രതിവിധികൾ നിർദേശിക്കുന്നതുമാണ്. 'തൊഴിലില്ലാത്ത മനുഷ്യർ' (*Men without work -1938*) ആണ് അദ്ദേഹത്തിന്റെ പ്രഥമകൃതി. 'തൊഴിലില്ലായ്മയും തൊഴിലില്ലാത്തവരും' *(Unemployment and Unemployed-1940)* ആണ് മറ്റൊരു പ്രധാനകൃതി. 'ഭക്ഷ്യസഹായം– വെല്ലുവിളികളും അവസരങ്ങളും' എന്നതും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കൃതിയാണ്. കൂടാതെ 'ദാരിദ്ര്യകെണി', 'ദുരിതവലയം' എന്നീ തലക്കെട്ടുകളോടെ പ്രൗഢമായ ലേഖനങ്ങളും രചിച്ചിട്ടുണ്ട്. മൂന്നാം ലോകരാജ്യങ്ങളുടെ വികസനപ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാൻ മനസ്സും മസ്തിഷ്കവും സമർപ്പിച്ച മഹാനായ പോരാളിയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക വിഭാഗത്തിൽ പ്രഫസറായി ചേരുകയും 1947 മുതൽ 1969വരെ സേവനമനുഷ്ഠിക്കുകയും ചെയ്തു. ഐക്യരാഷ്ട്രസഭയുടെ വ്യവസായ വികസന സംഘടനയുടെയും സാമൂഹികപുരോഗതിക്കുള്ള അന്താരാഷ്ട്രാ ഗവേഷണവിഭാഗത്തിന്റെയും തലവനായി പ്രവർത്തിച്ചു. ബ്രെട്ടൻവുഡ് സ്ഥാപനങ്ങളുടെ രൂപവത്കരണത്തിലും വലിയ പങ്കാണ് അദ്ദേഹം വഹിച്ചത്. ഐക്യരാഷ്ട്രസഭയിലെ ദീർഘകാലമായുള്ള അദ്ദേഹത്തിന്റെ സാന്നിധ്യം പ്രമുഖ രാജ്യങ്ങളുടെ ചൂഷണം നേരിൽ കാണുന്നതിനും അനുഭവിച്ചറിയുന്നതിനും അവസരം നൽകി. കച്ചവടത്തിലൂടെയും കരാറിലൂടെയും മേധാവിത്വ രാജ്യങ്ങൾ മൂന്നാം ലോകത്തെ എങ്ങനെയാണ് കൊള്ളയടിക്കുന്നതെന്ന് അദ്ദേഹം ലോകത്തോട് വിളിച്ചുപറഞ്ഞു. 'അദ്ദേഹം സന്ദർശിക്കാത്ത വികസ്വര രാജ്യങ്ങൾ തീരെയുണ്ടാവുകയില്ല. അദ്ദേഹം ഉപദേശിക്കാത്ത മൂന്നാം ലോക രാജ്യങ്ങളൊട്ടും ഉണ്ടാവുകയില്ല'. അദ്ദേഹം മരിച്ചപ്പോൾ *ടൈം* വാരിക എഴുതിയതാണ് ഈ വാക്കുകൾ. അവശതയനുഭവിക്കുന്നവരോടുള്ള സിംഗറുടെ അനുഭാവമാണ് ഇത് വിളിച്ചോതുന്നത്.

മനുഷ്യസ്നേഹമാണ് സിംഗറുടെ മുഖമുദ്ര. പൊതുവെ സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്ക് ആ മൂല്യം വളരെ കുറവാണ്. സാമ്പത്തിക ശാസ്ത്രം മൂല്യനിർധാരണങ്ങളിൽ നിന്നും മുക്തമായിരിക്കണം എന്നു വാദിക്കുന്നവരാണ് അധിക സമ്പദ്ശാസ്ത്രജ്ഞരും. കമ്പോളത്തിൽ മനുഷ്യൻ എങ്ങനെ പെരുമാറുന്നുവെന്നത് നിരീക്ഷിക്കുക മാത്രമാണ് അതിന്റെ ദൗത്യം. ദൈവത്തിനോ പ്രവാചകന്മാർക്കോ മാർക്കറ്റിൽ ഇടപെടേണ്ട കാര്യമില്ലെന്നും അവർ വാദിക്കുന്നു. ഈ കാഴ്ച്ചപ്പാടുകളുടെ ആൾരൂപമായിരുന്നു ആഡംസ്മിത്ത്. സാമ്പത്തിക പ്രവർത്തനങ്ങൾ സമ്പത്ത് കുന്നുകൂട്ടണമെന്ന് ദുരാഗ്രഹമുള്ള ലാഭമോഹികളാൽ നടത്തപ്പെടേണ്ടതാണെന്നാണ് സ്മിത്തിന്റെ പ്രധാനവാദം. സ്മിത്തിന്റെ നിശിത വിമർശകനാണ് ഹാൻസ് സിംഗർ. ജർമനിയിൽ ജനിച്ച സിംഗർ, ഹിറ്റ്ലറുടെ ക്രൂരതകൾ കണ്ടു വളർന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്ക് ആർദ്രതയും കാരുണ്യവും കൈവന്നത് എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും ഉചിതമായ സമയത്താണ് അദ്ദേഹം ബ്രിട്ടനിലേക്ക് രക്ഷപ്പെട്ടത്. അവിടെയെത്തിയ ഉടനെ ബ്രിട്ടനിലെ ചേരിനിവാസികളിൽ ശ്രദ്ധ പതിപ്പിച്ചു. ചേരികളിലെ തൊഴിലില്ലായ്മയെ കുറിച്ചുള്ള പഠനമാണ് 'തൊഴിലില്ലായ്മയും തൊഴിലില്ലാത്തവരും', 'തൊഴിലില്ലാത്ത മനുഷ്യർ' എന്നീ കൃതികൾ രചിക്കാനിടയാക്കിയത്. രണ്ടാം ലോകയുദ്ധത്തിനുശേഷം സാമൂഹികക്ഷേമരാഷ്ട്രങ്ങൾ (Social welfare nations) സ്ഥാപിതമാകണമെന്ന തന്റെ സ്വപ്നം അദ്ദേഹം ഐക്യരാഷ്ട്രസഭയുടെ മുമ്പാകെ സമർപ്പിച്ചു. പാവപ്പെട്ട ജനങ്ങളെ കമ്പോളശക്തികളുടെ ദയാ ദാക്ഷണ്യങ്ങൾക്ക് എറിഞ്ഞുകൊടുക്കുന്ന പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ ലോകത്തെ കൊള്ളയടിക്കുകയാണെന്ന് അദ്ദേഹം വാദിച്ചു. ഐ.എം.എഫ്, ലോകബാങ്ക് എന്നിവയുടെ ഘടനാപരിഷ്കാരങ്ങളും ഉപാധികളുടെ ചരടുകളുള്ള വായ്പകളും, വർധിച്ച ദാരിദ്ര്യവും തീരാദുരിതവുമാണ് മനുഷ്യരാശിക്ക് സമ്മാനിച്ചുകൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം തുറന്നടിച്ചു.

വ്യാപാരത്തിന്റെ ജനാധിപത്യം ഉറപ്പുവരുത്തുന്നുവെന്നുള്ളതാണ് നിയോ ലിബറൽ സാമ്പത്തികവാദികളുടെ പ്രധാന പ്രോപഗണ്ട. നിഷ്കളങ്കവും നിസ്വാർഥവുമായ ഇടപാടാണ് കമ്പോളത്തിൽ നടക്കുന്നതെന്ന് അവർ വാദിക്കുന്നു. ഉൽപാദകർക്ക് കടന്നുവരാനും പുറത്തുപോകാനും കഴിയുംവിധം (free entry and exit) വളരെ തുറന്നതാണത്രെ പുതിയ കാലത്തെ കമ്പോളം. രാജ്യങ്ങൾ തമ്മിലുള്ള ഉഭയകക്ഷി സമ്മതപ്രകാരമുള്ള കരാറുകളുടെ അകമ്പടിയോടു കൂടിയുമാണ് അന്താരാഷ്ട്ര വ്യാപാരം അരങ്ങുതകർക്കുന്നത്. ഇത്രയും സാധുവായ ഒരു കാര്യത്തെ ചില കശ്മലന്മാർ വിമർശിച്ചുകളയുന്നു എന്ന പരാതിയും നിയോ ലിബറൽ വാദികൾ ഉന്നയിക്കാറുണ്ട്. ഈ ജനാധിപത്യ കേന്ദ്രങ്ങളുടെ ഇടനാഴികളിലെ മൂന്നാംമുറയാൽ മിണ്ടാപ്രാണികളായി മാറുന്നവരാണ് മൂന്നാം

ലോകരാജ്യങ്ങളിലെ ഭരണനേതൃത്വം. 'ഉഭയകക്ഷിസമ്മതപ്രകാരം' എന്ന് മേനിപറയുന്ന കരാറുകൾക്ക് പിന്നിൽ, അവരെ റാഞ്ചാൻ തക്കം പാർത്തുനിൽക്കുന്ന കഴുകകണ്ണുകൾ നമുക്ക് ദർശിക്കാനാകും.

അന്താരാഷ്ട്ര കരാറുകളിലെ ചതിക്കുഴികളാണ് സിംഗറുടെ ഇഷ്ടവിഷയം. ഏഷ്യനാഫ്രിക്കൻ രാജ്യങ്ങൾ അസംസ്കൃതവസ്തുക്കൾ കൊണ്ട് അനുഗൃഹീതമാണ്. വ്യവസായവത്കൃത രാജ്യങ്ങളാകട്ടെ ശാസ്ത്രസാങ്കേതിക വിദ്യകളിൽ മുമ്പന്മാരുമാണ്. വ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കൾ ആവശ്യമാണ്. അസംസ്കൃതവസതുക്കൾ അന്വേഷിച്ചുകൊണ്ടുള്ള കപ്പൽയാത്രകളാണല്ലോ കൊളോണിയലിസത്തിന് വഴി തെളിച്ചത്. മൂന്നാം ലോകരാജ്യങ്ങളിൽനിന്ന് തുഛവിലയ്ക്ക് അസംസകൃതവസ്തുക്കൾ കൈക്കലാക്കി വ്യവസായവത്കൃത രാജ്യങ്ങൾ ഉൽപ്പന്നങ്ങളുണ്ടാക്കുകയും അത് വൻ വിലയ്ക്ക് മൂന്നാംലോകരാജ്യങ്ങൾക്ക് തന്നെ വിറ്റ് ലാഭം നേടുകയും ചെയ്യുന്ന ചൂഷണത്തെയാണ് ഇന്ന് ജനാധിപത്യരീതിയിലുള്ള അന്താരാഷ്ട്ര കച്ചവടം എന്ന് വിശേഷിപ്പിക്കുന്നത്. ഈ അനീതിയെ തുറന്നുകാട്ടാനുള്ള ധൈര്യം സിംഗർ കാണിച്ചു. അയൽക്കാരനെ ദരിദ്രനാക്കുന്ന കച്ചവടനയമാണ് അടിക്കടി അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യത്തിനും കാരണമായിത്തീരുന്നത്.

ഐ.എം.എഫിന്റെയും ലോകബാങ്കിന്റെയും ധാർഷ്ട്യം നിറഞ്ഞ വായ്പകൾക്ക് പകരം ദരിദ്ര രാജ്യങ്ങൾക്ക് മൃദുവായ്പകൾ (soft loans) ഐക്യരാഷ്ട്രസഭ മുഖേന നൽകാൻ സിംഗർ ശ്രമിച്ചു. ദരിദ്രരാജ്യങ്ങളെ ക്ഷേമരാഷ്ട്രങ്ങളാക്കി മാറ്റുകയെന്ന ഏക അജണ്ട മാത്രമായിരിക്കണം വായ്പയുടെ പിന്നിലുണ്ടാകേണ്ടത്. നാമമാത്രമായ പലിശനിരക്കാണ് ഈ വായ്പകൾക്ക് മൃദവായ്പയെന്ന പേര് ചാർത്തികൊടുത്തത്. അമേരിക്കയും ബ്രിട്ടനുമടക്കമുള്ള വ്യവസായിക രാജ്യങ്ങൾ പക്ഷേ ഈ നടപടികളെ സമർഥമായി അട്ടിമറിച്ചു. 'ദാനമല്ല ഇടപാടാണ് വികസനത്തിനനുയോജ്യം' (not aid but trade) എന്ന വാദമാണ് അവർ ഉന്നയിച്ചത്. ഉടൻ തന്നെ സിംഗർ ചുവടുമാറ്റി. ദരിദ്ര്യ രാജ്യങ്ങൾക്ക് ഭക്ഷ്യസഹായം (food aid) എന്ന ആശയം അദ്ദേഹം മുന്നോട്ടുവെച്ചു. വികസനത്തിന്റെ മികച്ച ഉപകരണമായി ഭക്ഷ്യസഹായത്തെ അദ്ദേഹം അവതരിപ്പിച്ചു. ഇതിന്റെ വ്യവസ്ഥകൾ വളരെ മൃദുവായിരുന്നു. മാത്രമല്ല തീരെ ദരിദ്രരായ രാജ്യങ്ങൾ വേഗത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറി. ദരിദ്ര രാജ്യങ്ങൾക്ക് അന്നം നിഷേധിക്കാനുള്ള ധൈര്യം വികസിത രാജ്യങ്ങൾക്കില്ലാതിരുന്നതുകൊണ്ട് പദ്ധതി വിജയിക്കുകയും ചെയ്തു. 'നിങ്ങളൊരാൾക്ക് സാമ്പത്തിക സഹായം നൽകിയാൽ നികുതിദായകരുടെ ശത്രുവായി മാറും. നിങ്ങളൊരാൾക്ക് ഭക്ഷണം നൽകിയാൾ കർഷകരുടെ മിത്രവുമാകും'. സിംഗറിന്റെ ഈ വാക്കുകളിൽ അലയടിക്കുന്ന പ്രതിഷേധം നമുക്ക് വായിച്ചെടുക്കാനാകും.

ചുരുക്കത്തിൽ, നവലിബറലിസത്തിന്റ കടക്കൽ കത്തിവെക്കുകയാണ് സിംഗർ ചെയ്തത്. സിംഗറിന്റെ ജീവചരിത്രം വൻരാഷ്ട്രങ്ങളോട് പടപൊരുതിയതിന്റെ ചരിത്രമാണ്. അന്താരാഷ്ട്ര വേദികളിൽ മൂന്നാംലോകരാജ്യങ്ങൾക്ക് വേണ്ടി കൂലിയില്ലാതെ വാദിക്കുന്ന വക്കീലായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്നെ അദ്ദേഹം പരമാവധി അറിയപ്പെടാതെ നോക്കാൻ പുതുലോകക്രമം ശ്രദ്ധവെച്ചു. സമാനമായ നടപടികൾ ഇന്നും തുടരുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നവലിബറലിസത്തിനെതിരെ പൊരുതുന്ന വേദികളും എഴുത്തുകാരും ബുദ്ധിജീവികളുമുണ്ട്. പക്ഷേ അവർക്കൊന്നും മുഖ്യധാരാ മാധ്യമങ്ങൾ ഇടം നൽകാറില്ല. ആഗോളവത്കരണത്തിനെതിരായ എത്രയോ പഠനങ്ങൾ പുറത്തിറങ്ങുന്നുണ്ടെങ്കിലും അതൊന്നും വേണ്ടവിധം പുറംലോകമറിയുന്നുമില്ല. നവലിബറലിസത്തെ ചരിത്രത്തിന്റെ അവസാനമായി അവതരിപ്പിക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. മതപുരോഹതിന്മാർക്കും ആത്മീയാചാര്യന്മാർക്കും ധാരാളം ആനുകൂല്യങ്ങൾ നൽകി മതസമൂഹത്തെ വിലയ്ക്ക് വാങ്ങാനുള്ള ശ്രമങ്ങളും ശക്തമാണ്. നവലിബറൽ നയങ്ങൾക്ക് പ്രതിരോധമുയർത്തുന്നവരെ, സിംഗറെ പോലെ തന്നെ അവഗണിക്കുകയും ചെയ്യുന്നു. ഇതിനുദാഹരണമാണ് ഇസ്‌ലാമിക് ഫിനാൻസ് സംരംഭങ്ങളോടുള്ള ബുദ്ധിജീവികളുടെയും മാധ്യമങ്ങളുടെയും സമീപനം. സാമ്പത്തികമാന്ദ്യത്തിൽ വൻ ധനകാര്യ സ്ഥാപനങ്ങൾ നിലംപൊത്തിയപ്പോൾ പിടിച്ചുനിന്നത് ഇസ്‌ലാമിക് ഫിനാൻസ് സംരംഭങ്ങളായിരുന്നു. അതിന് നേതൃത്വം നൽകുന്നതാകട്ടെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും. 'പലിശ ചെകുത്താനാണ്' എന്ന് അനുഭവിച്ചറിഞ്ഞ പട്ടിണിപ്പാവങ്ങൾ മതപരിഗണനകൾക്കതീതമായി ഈ സൗകര്യമുപയോഗപ്പെടുത്താൻ തയാറാവുകയും ചെയ്തു.

അതോടെ ഇസ്‌ലാമിക ശരീഅത്ത് എത്രയും പെട്ടെന്ന് പൊട്ടുന്ന അഗ്നിപർവതമാണ് എന്ന പ്രചാരണകോലാഹലങ്ങൾ മാധ്യമങ്ങൾ ഉയർത്തിതുടങ്ങി. ഈ പ്രചാരണകോലാഹലങ്ങളെ ചെറുത്തുതോൽപ്പിക്കാൻ മാനവതയെ നീതിയിലധിഷ്ഠിതമായി വഴിനടത്താൻ താൽപര്യമുള്ളവർക്ക് ബാധ്യതയുണ്ട്. ബോധപൂർവമായ തമസ്കരണത്തെ ചെറുക്കാനുള്ള മാർഗങ്ങളെ കുറിച്ച് ഗൗരവമുള്ള ആലോചനകൾ അനിവാര്യമാണ്. സിംഗറെ പോലുള്ള സാമ്പത്തികശാസ്ത്രജ്ഞരുടെ ചിന്തകൾ ഇന്നത്തെ കാലത്ത് നമുക്ക് പഠനവിഷയമാകേണ്ടതാണ്. ■